**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 434** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്ന് വിശദമാക്കുമോ; പ്രസ്തുത സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,68,039.32 കോടി രൂപയാണ്. പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പ്, സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ, മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ് എന്നിവ ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തിയതിനാൽ സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് നടപ്പ സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി ചുരുക്കുന്നതിനായുള്ള ഗ്രാന്റിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ബി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന് റവന്യൂകമ്മി ഗ്രാന്റ് ഇനത്തിൽ 2020-21 കാലയളവിൽ 15,323 കോടി രൂപയും 2021-22 കാലയളവിൽ 19,891 കോടി രൂപയും 2022-23 കാലയളവിൽ 13,174 കോടി രൂപയും 2023-24 കാലയളവിൽ 4,749 കോടി രൂപയും ലഭിച്ചിട്ടുണ്ട്. 2024-25, 2025-26 കാലയളവുകളിൽ റവന്യൂ കമ്മി ഗ്രാന്റിനത്തിൽ തുകയൊന്നും ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ